**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 64** **16-09-2025 - ൽ മറുപടിയ്ക്ക്**

**അന്തർസംസ്ഥാന നദികളുമായുള്ള ജലവിനിയോഗ കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനം പങ്കിട്ടിരിക്കുന്ന അന്തർസംസ്ഥാന നദികളിൽ നിലവിലുള്ള ജലവിനിയോഗ കരാറുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനം പങ്കിട്ടിരിക്കുന്ന അന്തർ സംസ്ഥാന നദികളിൽ നിലവിൽ മൂന്ന് ജലവിനിയോഗ കരാറുകളാണുള്ളത്. മുല്ലപ്പെരിയാർ കരാർ, പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ, ശിരുവാണി കരാർ എന്നീ മൂന്ന് കരാറുകളും കേരളം തമിഴ്നാടുമായി പങ്കിടുന്ന ജലത്തിനെ സംബന്ധിച്ചുള്ളതാണ്. |
| (ബി) | തമിഴ്നാട്, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളുമായി കേരളത്തിന് ജലവകാശ തർക്കങ്ങളുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ; | (ബി) | തമിഴ്നാട് സംസ്ഥാനവുമായി കേരളത്തിന് ജലവകാശ തർക്കങ്ങൾ ഉണ്ട്.<br><br>**1.പറമ്പിക്കുളം ആളിയാർ കരാറിലെ ജലവകാശ തർക്കങ്ങളും അവയുടെ നിലവിലെ സ്ഥിതിയും**<br><br>പറമ്പിക്കുളം ആളിയാർ പദ്ധതി പ്രകാരം മണക്കടവ് വിയർ വഴി ചിറ്റൂർ പുഴയിലേയ്ക്ക് കാർഷിക ആവശ്യത്തിനായി ഓരോ ജലവർഷവും 7250 Mcft ജലവും കേരള ഷോളയാർ സംഭരണിയിൽ നിന്നും കേരളത്തിന്റെ ആവശ്യത്തിനായി വൈദ്യുതി ഉത്പാദിപ്പിക്കുവാനും കാർഷിക ആവശ്യത്തിനുമായി ഒരു ജലവർഷം 12300 Mcft ജലവും, ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ പെരിയാർ നദീതടത്തിലെ നീരാർ വിയറിൽ നിന്നുള്ള മുഴവൻ ജലവും കേരളത്തിന് ലഭിക്കേണ്ടതാണ്.<br><br>കരാർ പ്രകാരമുള്ള ജലം കഴിഞ്ഞ ജല വർഷങ്ങളിൽ കേരളത്തിന് ലഭിച്ചിട്ടുണ്ട്.<br><br>**2. മുല്ലപ്പെരിയാർ കരാറിലെ ജലവകാശ തർക്കങ്ങളും അവയുടെ നിലവിലെ സ്ഥിതിയും**<br><br>മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ച് ജലവകാശ തർക്കങ്ങൾ ഇല്ലെങ്കിലും നിലവിൽ ഡാമിന്റെ സുരക്ഷയും ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | തർക്കം നിലനിൽക്കുന്നു. ആയത് കോടതി വ്യവഹാരത്തിലാണ്.<br><br>**3. ശിരുവാണി കരാറിലെ ജലവകാശ തർക്കങ്ങളും അവയുടെ നിലവിലെ സ്ഥിതിയും**<br><br>കേരളവും തമിഴ്നാട്ടും 19.08.1973 - ലാണ് ശിരുവാണി കുടിവെള്ള പദ്ധതി കരാർ ഒപ്പുവെച്ചത്. ശിരുവാണി കുടിവെള്ള പദ്ധതി കരാറിലെ ക്ലോസ് (iii) പ്രകാരം കേരള ഗവൺമെന്റ് ഓരോ വർഷവും 1300 ദശലക്ഷം ഘനയടിയിൽ കവിയാതെ ജലം തമിഴ്നാട്ടിലെ കോയമ്പത്തൂർ മുനിസിപ്പൽ ടൗണിലും അയൽ പ്രദേശങ്ങളിലും കുടിവെള്ള ആവശ്യങ്ങൾക്കുവേണ്ടി നല്കണം. ഈ ജലം കേരളം ഏറെക്കുറേ നൽകി വരുന്നുണ്ട്. ഈ കരാറിലെ ക്ലോസ് V പ്രകാരം കേരളത്തിന്റെ കീഴ്ത്തടീതട അവകാശം സംരക്ഷിക്കുന്നതിനു വേണ്ടി ശിരുവാണി അണക്കെട്ടിൽ നിന്ന് 5.0 ക്യൂസക്സ് എന്ന തോതിൽ കേരളത്തിലേയ്ക്ക് ജലത്തിന്റെ ഒഴുക്ക് നിലനിർത്തേണ്ടതാണ്. പ്രസ്തുത കരാറിന്റെ കാലാവധി 99 വർഷമാണ്.<br><br>**4. നെയ്യാർ ജലവകാശ തർക്കങ്ങളും അവയുടെ നിലവിലെ സ്ഥിതിയും**<br><br>01.11.1956 - ലെ സംസ്ഥാനങ്ങളുടെ പുനഃസംഘടനയ്ക്ക് മുൻപ് നെയ്യാർ ജലസേചന പദ്ധതിയിലെ ഇടതുകര വലതുകര കനാലുകൾ വഴി തിരു-കൊച്ചി സംസ്ഥാനത്തിലെ നെയ്യാറ്റിൻകര വിളവൻകോട് താലൂക്കുകളിലെ കൃഷിയിടങ്ങളിലേയ്ക്ക് ജലസേചനം നൽകിയിരുന്നു.<br><br>കന്യാകുമാരി ജില്ലയിലെ വിളവൻകോട് താലൂക്കിലേയ്ക്ക് കന്യാകുമാരി ബ്രാഞ്ച് കനാൽ വഴിയുള്ള ജലവിതരണം 'കേരള ഇറിഗേഷൻ ആൻറ് വാട്ടർ കൺസർവേഷൻ ആക്ട് 2003' അനുച്ഛേദം 30 പ്രകാരം 10.01.2004 മുതൽ കേരളം നിർത്തിവെച്ചിരിക്കുകയാണ്. തുടർന്ന്, നെയ്യാർ ജലസേചന പദ്ധതിയിൽ നിന്നും ജലം ലഭിക്കുന്നതിനായി തമിഴ്നാട് കേരളത്തിനെതിരെ ബഹു: സുപ്രീം കോടതിയിൽ O.S No.2 of 2012 with IA No:1 of 2012 കേസ് ഫയൽ ചെയ്യുകയുണ്ടായി. ഈ കേസ് നിലവിൽ കോടതി വ്യവഹാരത്തിലാണ്. |
| (സി) | കാവേരി, കബനി, പമ്പ, ചാലിയാർ തുടങ്ങിയ നദികളിൽ ജലവിഹിതം സംബന്ധിച്ച് നിലവിലെ അവസ്ഥ എന്താണെന്ന് വിശദീകരിക്കാമോ ? | (സി) | 1.**കാവേരി, കബനി നദികളുടെ ജലവിഹിതം സംബന്ധിച്ച് നിലവിലെ സ്ഥിതി**<br><br>അന്തർ സംസ്ഥാന നദിയായ കാവേരിയ്ക്ക് കേരളത്തിൽ മൂന്ന് പ്രധാന കൈവഴികളാണ് ഉള്ളത്. |

- കബനി
- ഭവാനി
- പാമ്പാർ

കാവേരി വാട്ടർ ഡിസ്പ്യൂട്ട്സ് ട്രിബ്യൂണൽ (CWDT)-ന്റെ 05.02.2007-ലെ വിധിയുടെയും ബഹു. സുപ്രീംകോടതിയുടെ 16.02.2018-ലെ വിധിയുടെയും അടിസ്ഥാനത്തിൽ കേരളത്തിന് 30 TMC ജലവിഹിതം അനുവദിച്ചിട്ടുണ്ട്. ഇവയിൽ കബനി, ഭവാനി, പാമ്പാർ എന്നിവയിൽ അനുവദിച്ച ജലവിഹിതം ചുവടെ ചേർക്കുന്നു.

കബനി - 21 TMCft

ഭവാനി - 6 TMCft

പാമ്പാർ - 3 TMCft

ആകെ - 30 TMCft

പ്രസ്തുത വിഹിതം ഉപയോഗിക്കുവാനായി കേരളം പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇപ്പോഴുള്ള ഉപയോഗം പ്രതിവർഷം 9.90 TMC ആണ്.

**2. പമ്പ നദിയുടെ ജലവിഹിതം സംബന്ധിച്ച് നിലവിലെ സ്ഥിതി**

ദേശീയ ജല വിഭവ മന്ത്രാലയത്തിന് കീഴിൽ രൂപീകരിച്ചിട്ടുള്ള ദേശീയ ജലവികസന ഏജൻസി (NWDA) നദി സംയോജന പദ്ധതിയ്ക്കായി തയ്യാറാക്കിയ Peninsular Component-ൽ ഉൾപ്പെടുത്തിയിരിക്കുന്ന പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി, പമ്പ, അച്ചൻകോവിൽ എന്നീ നദികളിലെ ജലത്തിന്റെ 20% ആയ 634 മില്യൺ ക്യൂബിക്ക്മീറ്റർ അഥവാ 22.5 റ്റി.എം.സി ജലം തമിഴ്നാട്ടിലെ ജലദൗർലഭ്യം അനുഭവപ്പെടുന്ന വൈപ്പാർ നദീതടത്തിലേയ്ക്ക് തിരിച്ചു വിടുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്. NWDA 1995- ൽ ഈ പദ്ധതിയ്ക്കായി തയ്യാറാക്കിയിട്ടുള്ള സാദ്ധ്യതാ പഠന റിപ്പോർട്ട് പ്രകാരം കേരള പ്രദേശത്തുള്ള പമ്പ- കല്ലാർ (പുന്നമേട്), അച്ചൻകോവിൽ - കല്ലാർ, അച്ചൻകോവിലാർ എന്നിവിടങ്ങളിൽ 3 അണക്കെട്ടുകൾ നിർമ്മിക്കുവാനും, പുന്നമേട് റിസർവോയറിൽ സംഭരിക്കുന്ന ജലം അച്ചൻകോവിൽ - കല്ലാർ റിസർവോയറിലേയ്ക്ക് 8 കി.മീറ്റർ നീളമുള്ള ഒരു ടണൽ വഴി കൊണ്ട് പോകുന്നതിനും, മൂന്ന് റിസർവോയറുകളിലും കൂടി സംഭരിക്കുന്ന ജലം പിന്നീട് 9 കി.മീറ്റർ നീളമുള്ള ഒരു ടണൽ നിർമ്മിച്ച് പശ്ചിമഘട്ടം കടത്തിയതിനു ശേഷം

50 കി.മീറ്റർ നീളമുള്ള ഒരു മെയിൻ കനാൽ വഴി തമിഴ്നാട്ടിലെ വൈപ്പാറിലേയ്ക്ക് കൊണ്ടുപോകുവാനും ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്.

പമ്പയും അച്ചൻകോവിലാറും സംസ്ഥാന നദികളാണെന്നും ആയതിനാൽ ഈ നദികളുടെ ജലത്തിൻമേലുള്ള പൂർണ്ണ അവകാശവും അധികാരവും സംസ്ഥാനത്തിനാണെന്നും കൂടാതെ പ്രസ്തുത പദ്ധതി നടപ്പിലാക്കിയാൽ മധ്യതിരുവിതാംകൂറിന്റെ പരിസ്ഥിതി സന്തുലനം തകരാറിലാവുകയും കുടിവെള്ളക്ഷാമം നേരിടുകയും കുട്ടനാട്ടിലെ കൃഷിനാശത്തിന് വഴിതെളിയ്ക്കുകയും ചെയ്യുമെന്നുള്ള പഠന റിപ്പോർട്ടിന്റെ കണ്ടെത്തലുകൾ കണക്കിലെടുത്തു കൊണ്ട് പ്രസ്തുത പദ്ധതി പൂർണ്ണമായി ഉപേക്ഷിക്കണമെന്ന് പതിനൊന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിൽ 06.08.2003-ൽ പ്രമേയം പാസാക്കുകയുണ്ടായി.

കേരളത്തിന്റെ സമ്മതമില്ലാതെ പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതിയെ സംബന്ധിച്ച് തുടർ നടപടികൾ ഒന്നും ആരംഭിക്കുകയില്ല എന്ന് കേന്ദ്ര ജല വിഭവ വകുപ്പ് മന്ത്രിയടക്കമുള്ളവർ NWDA യുടെ വിവിധ യോഗങ്ങളിലും 28.02.2024 - ലെ NWDA/109/20/72nd GB/2024/285-87 നമ്പർ കത്ത് മുഖാന്തരവും കേരളത്തിന് ഉറപ്പ് നൽകിയിട്ടുണ്ട്.

### 3. ചാലിയാർ നദിയുടെ ജലവിഹിതം സംബന്ധിച്ച് നിലവിലെ സ്ഥിതി

പുന്നപ്പുഴയും ചോലാത്തിപ്പുഴയും ചാലിയാറിന്റെ പോഷകനദികളാണ്. ഇതിൽ പുന്നപ്പുഴയുടെ പോഷകനദിയാണ് തമിഴ്നാട്ടിലെ പാണ്ടിയാർ. കേരളവും തമിഴ്നാടുമായി പാണ്ടിയാർ പുന്നപ്പുഴ പദ്ധതി നടപ്പിലാക്കുന്നതിന് 1965-ൽ ഒരു ധാരണയിലെത്തിയിരുന്നു.

ഈ പദ്ധതി പ്രകാരം തമിഴ്നാട് വൈദ്യുതി ബോർഡ് വൈദ്യുതി ഉത്പ്പാദിച്ചതിനു ശേഷം റെയിൽ റെയിസ് വാട്ടർ കേരളത്തിലേയ്ക്ക് ഒഴുക്കി വിടണമെന്നും, ഈ ജലം കേരളത്തിലെ പദ്ധതികൾക്കായി വിനിയോഗിക്കാൻ പൂർണമായും അവകാശമുണ്ടെന്നും വ്യവസ്ഥ ചെയ്തിരുന്നു. ഇതനുസരിച്ച് 1968-ൽ പ്ലാനിംഗ് കമ്മീഷൻ ഓഫ് ഇന്ത്യ, പ്രസ്തുത പദ്ധതി അംഗീകരിയ്ക്കുകയും, തമിഴ്നാട് 1969-ൽ നിർമ്മാണപ്രവൃത്തികൾ ആരംഭിയ്ക്കുകയും ചെയ്തു. എന്നാൽ, തമിഴ്നാട് നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം, തമിഴ്നാട് സർക്കാർ,

| | | | |
|---|---|---|---|
| | | | പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ നിർത്തിവെയ്ക്കുകയുണ്ടായി.<br><br>ഇതിനു ശേഷം 1972-ൽ, തമിഴ്നാട് പുതിയൊരു പ്രൊപ്പോസൽ വയ്ക്കുകയുണ്ടായി. ഇത് അനുസരിച്ച്, പാണ്ടിയാർ പുന്നപ്പുഴയുടെ യീൽഡിന്റെ 50% ലോവർ ഭവാനി ബേസിനിലെ മോയാർ നദിയിലേയ്ക്ക് കൊണ്ടുപോകുവാനും, ബാക്കിയുള്ളത് ചാലിയാറിലേയ്ക്ക് ഒഴുക്കുന്നതിനുമാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ, ഈ പദ്ധതി നടപ്പിലാക്കിയാൽ, കേരളത്തിലെ ചാലിയാർ നദിയുടെ ജലലഭ്യതയെ ബാധിക്കുമെന്നതിനാൽ, പ്രസ്തുത പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനെതിരെ, കേരള സർക്കാർ ശക്തിയുക്തം എതിർത്തിരുന്നു. പക്ഷെ, പിന്നീടുണ്ടായ വിവിധ അന്തർ സംസ്ഥാന നദീജല ചർച്ചകളിൽ, തമിഴ്നാട് ഇതേ ആവശ്യം ഉന്നയിക്കുകയുണ്ടായി.<br><br>രണ്ടുസംസ്ഥാനങ്ങൾക്കും സമ്മതമായ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കാത്തതിനാൽ പ്രസ്തുത പദ്ധതി നാളിതുവരെ നടപ്പിലായിട്ടില്ല. |

സെക്ഷൻ ഓഫീസർ